## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **29-07-2021 - ൽ മറുപടിയ്ക്ക്**

## ഖാദി തൊഴിലാളി ക്ഷേമനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം പ്രസ്തുത ബോർഡ് സർക്കാരിന് സമർപ്പിച്ചിരുന്നുവോ; | (എ) | സമർപ്പിച്ചിരുന്നു. |
| (ബി) | എങ്കിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (ബി) | നിധിയിൽ നിന്നും തൊഴിലാളികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായം പ്രസവാനുകൂല്യം, ശവസംസ്കാരത്തിനുള്ള ധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നത്. |
| (സി) | ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (സി) | ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിയ്ക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കേണ്ടി വരുന്നതിനാൽ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടങ്ങളുടെ ഭേദഗതി അംഗീകരിയ്ക്കാൻ നിർവ്വാഹമില്ല എന്ന വിവരം ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്, സി.ഇ.ഒ യെ അറിയിക്കുകയുണ്ടായി. |
| (ഡി) | ഖാദി തുണിത്തരങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ചർക്കയിൽ യന്ത്രം ഘടിപ്പിക്കണമെന്ന ആവശ്യം (സെമി ഓട്ടോമേഷൻ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പരമ്പരാഗതമായ ഉത്പാദന രീതിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത, 1500/-രൂപയാക്കി വർദ്ധിപ്പിച്ചത്, ഇ.എസ്.ഐ, |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ